(ബി) കൊണ്ടോഴിഞ്ഞാൽ-മാളച്ചാൽ പദ്ധതിയുടെ പ്രൊപ്പോസൽ തയ്യാറാക്കിയതിലുള്ള പോരായ്മകൾ പരിശോധിച്ച് കുറ്റമറ്റതാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) അഷ്ടമിച്ചിറ എൽ. ഐ. സ്കീമിന്റെ പമ്പുഹൗസ്, കനാൽ പണികൾ, പി. വി. സി പൈപ്പ് വിതരണവും സ്ഥാപിക്കലും പമ്പ്, മോട്ടോർ എന്നിവയുടെ വിതരണം എന്നിവ പൂർത്തിയായി. ബാക്കി പണികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. മംഗലംകുളം-പൂപ്പത്തി, പുത്തൻചിറ എന്നിവ സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ബി) ടി. എൽ. ഐ. സ്കീമിന്റെ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

അഞ്ചരക്കണ്ടി പുഴ ഗതിമാറി ഒഴുകുന്നത് തടയാൻ നടപടി

89 [546] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ അഞ്ചരക്കണ്ടി പുഴയിൽ മണൽത്തിട്ട രൂപപ്പെടുന്നതും പുഴ ഗതിമാറി ഒഴുകുന്നതും സംബന്ധമായ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധമായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മണൽത്തിട്ട നീക്കം ചെയ്യാൻവേണ്ടി 3.25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പ്രസ്തുത പ്രവൃത്തി നടപ്പിലാക്കാവുന്നതാണ്.

പമ്പ-അച്ചൻകോവിൽ നദികളിലെ ജല ലഭ്യതയെപ്പറ്റി പഠനം

90 [547] ശ്രീ. കെ. മോഹൻകുമാർ:
,, ലൂഡി ലൂയിസ്:
,, ടി. എൻ. പ്രതാപൻ:
,, എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പ-അച്ചൻകോവിൽ നദികളിലെ ജലലഭ്യതയെപ്പറ്റി പഠിക്കുവാൻ സംസ്ഥാനത്തെ വനങ്ങളിൽ ദേശീയ ജലവികസന ഏജൻസി, നിരീക്ഷണ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ എത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതേപ്പറ്റി ജലവിഭവ വകുപ്പിന് അറിവ് ലഭിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്തിന്റെ അറിവും സഹകരണവുമില്ലാതെ നടത്തുന്ന പഠനത്തെ സംസ്ഥാനം അംഗീകരിക്കുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്. പമ്പ-അച്ചൻകോവിൽ എന്നീ നദികളിലെ ജലലഭ്യതയുടെ വിവരങ്ങളറിയുന്നതിന് അച്ചൻകോവിൽ വനമേഖലയിൽ തുറ, വളയം എന്നിവിടങ്ങളിലും പമ്പയിൽ തേക്കുതോട് എന്ന സ്ഥലത്തുമായി മൂന്ന് ഗേജിംഗ് സൈറ്റുകൾ ദേശീയ ജല വികസന ഏജൻസി സ്ഥാപിച്ചിട്ടുണ്ട്.

(ബി) ദേശീയ ജല വികസന ഏജൻസിയിൽ നിന്നും ഔദ്യോഗികമായി ഇത് സംബന്ധിച്ച അറിയിപ്പുകളൊന്നും ലഭിച്ചിട്ടില്ല.

(സി) ഇല്ല.

പമ്പ-അച്ചൻകോവിൽ വൈപ്പാർ നദീ സംയോജനം

91 [548] ശ്രീ. എം. എം. ഹസൻ:
" ലൂഡി ലൂയിസ്:
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പമ്പ-അച്ചൻകോവിൽ വൈപ്പാർ നദീ സംയോജനംമൂലം കേരളത്തിന് ഉണ്ടാകാവുന്ന ദൂഷ്യങ്ങൾ പരിഹരിക്കുന്നതിന് കേന്ദ്ര ഏജൻസികളുടെ റിപ്പോർട്ടിൽ എന്തെല്ലാം സൂചനകളുണ്ട്?

ഉത്തരം

പമ്പ-അച്ചൻകോവിൽ വൈപ്പാർ ലിങ്ക് പദ്ധതി നടപ്പിലാക്കുകയാണെങ്കിൽ കേരളത്തിലെ 2004 ഹെക്ടർ സ്ഥലം വെള്ളത്തിനടിയിലാകുമെന്ന് ദേശീയ ജല വികസന ഏജൻസിയുടെ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. കൃഷിഭൂമിക്ക് സ്ഥലത്തെ പ്രാദേശിക വില നിലവാരമനുസരിച്ച് ഒരു ഹെക്ടറിന് രണ്ടര ലക്ഷം രൂപ എന്നാണ് റിപ്പോർട്ടിൽ വിലയിരുത്തിയിട്ടുള്ളത്. റിസേർവ്ഡ് ഫോറസ്റ്റിനും ഫോറസ്റ്റ് പ്ലാന്റേഷനും വനം വകുപ്പിൽ നിന്ന് പത്ത് വർഷത്തേക്ക് ലീസ് എടുക്കുന്നതിന് കേരളത്തിന്റെ നിലവിലുള്ള നോംസ് അനുസരിച്ച് ഒരു വർഷത്തേക്ക് ഒരു ഹെക്ടറിന് 250 രൂപ ലീസ് ചാർജ് ആണ് നിശ്ചയിച്ചിട്ടുള്ളത്. അച്ചൻകോവിൽ വില്ലേജിൽ വെള്ളത്തിനടിയിലാകുന്ന സ്ഥലത്തെ 297 പേരെ പുനരധിവാസ കേന്ദ്രങ്ങളിലേക്ക് മാറ്റിപ്പാർപ്പിക്കുന്നതിനും അവരുടെ പുനരധിവാസ പ്രവർത്തനങ്ങൾക്ക് വേണ്ടിയുമായി 1957 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly